

# ‘വിനോദവും വിജ്ഞാനവും’



സുധീർ പണിക്കവീട്ടിൽ

ഈ പംക്തിയിൽ നിങ്ങൾ വായിക്കുന്ന ഫലിത കഥകളും, നേരമ്പോക്കുകളും, വിജ്ഞാന ശകലങ്ങളും ഇംഗ്ലീഷ് വാരികകളിൽ വായിച്ചതാകാം. എന്നാൽ ആവർത്തന വിരസത ഇല്ലാതിരിക്കാൻ അവയെ ലേഖകൻ അദ്ദേഹത്തിന്റെ സ്വന്തം ഭാവനയിലും ഭാഷയിലും ഇവിടെ പുനരാവിഷ്കരിക്കുകയാണ്. മൊഴി മുത്തുകൾ ലേഖകൻ ഇംഗ്ലീഷിൽ നിന്നും നേരിട്ട് വിവർത്തനം ചെയ്തതാണ് –പത്രാധിപർ

## പ്രശസ്തരുടെ അന്ത്യമൊഴികൾ:

മഹാനായ അലക്സാണ്ടർ ചക്രവർത്തി: എനിക്ക് കീഴടക്കാൻ ഇനി രാജ്യങ്ങളില്ല,

നെപ്പോളിയൻ ചക്രവർത്തിയുടെ പ്രിയസഹോദരി പോളിൻ ബോണപ്പാർട്ട് പറഞ്ഞത്: ഞാൻ എപ്പോഴും സുന്ദരിയായിരുന്നു.

വാൾ സ്ട്രീറ്റ് ജേണലിന്റെ പ്രസാധകൻ ശരൺ ക്ലാരൻസ് വാൾറ്റർ : എന്തു് വാർത്തകൾ

പീറ്റർ പാന്റെ ഗ്രന്ഥകർത്താവ് ബാരിസ് ജെയ്മിസ് പറഞ്ഞു. ‘എനിക്കുറങ്ങാൻ പറ്റുന്നില്ല’

കാൾ ലൂയിസ്സ്: എന്റെ തലയിണകൾ കൊു പോകൂ എനിക്കവ ഇനി ആവശ്യമില്ല.

ഞാൻ മരിക്കാറായി അിറിങ്കിൽ മരിക്കാൻ പോകുകയാഌ എങ്ങനെ പറഞ്ഞാലും ശരി തന്നെ.കഡൊമിനിക് ബൊഹോസ്

ക്ഷമിക്കണം സാർ, ഞാൻ കരുതികൂട്ടി ചെയ്തതല്ല. – മേരി ആന്റോനെറ്റ്

എനിക്ക് സുഖം തോന്നുന്നില്ല, ഡോക്ടറെ വിളിക്കുക – മാവെ സേത്തുങ്ങ്

കിടക്കക്ക് ചുറ്റും ബന്ധുക്കളെ കുണർന്ന ലേഡി നാൻസി ആസ്റ്റർ ചോദിച്ചു: ഞാൻ മരിക്കാൻ പോകുകയാണോ? അതോ ഇന്നെന്റെ ജന്മദിനമാണോ?

മരണമല്ലാതെ എനിക്ക് ഒന്നും വേ :ജാൻ ആസ്റ്റെൻ ( എന്തെങ്കിലും വേണോ എന്നു സഹോദരി ചോദിച്ചപ്പോൾ)

കളി കഴിഞ്ഞു കയ്യടിക്കുക – അഗസ്റ്റസ് സീസ്സർ

## ഖലീൽ ജിബ്രാൻ പറഞ്ഞത്

വിദ്യാഭ്യാസം നിങ്ങളിൽ വിത്തു വിളയിക്കുന്നില്ല. നിങ്ങളിൽ ഉള്ള വിത്തിനെ മുളക്കാൻ സഹായിക്കുന്നു.

ചെകുത്താനെ പേടിക്കുന്നത് ദൈവത്തെ സംശയിക്കുന്നത് കൊാണ്.

ഉറങ്ങുന്ന ഒരടിമയെ കത്തിയാൽ അവനെ ഉണർത്തരുത് എന്ന് അവർ പറയുന്നു. കാരണം അവൻ

സ്വാതന്ത്ര്യത്തെപ്പറ്റി സ്പനം കാനുകയായിരിക്കുമത്രെ. ഉറങ്ങുന്ന ഒരടിമയെ കത്തിയാൽ അവനെ ഉണർത്തി സ്വാതന്ത്ര്യത്തെപ്പറ്റി സംസാരിക്കണമെന്നു ഞാനവരോട് പറയുന്നു.

# കൊച്ച് കൊച്ച് ചോദ്യങ്ങൾ

ഒരു ദിവസം എത്ര പ്രാവശ്യം വേണമെങ്കിലും ഒരാൾക്ക് ചോദിക്കാവുന്നതും എന്നാൽ ആ ചോദ്യത്തിനു ഓരോ പ്രാവശ്യവും വ്യത്യസ്ഥമായ ഉത്തരം കിട്ടുന്നതും എല്ലാ ഉത്തരങ്ങളും ശരിയായിരിക്കുന്നതുമായ ആ ചോദ്യം ഏത്?

ആവശ്യം വരുമ്പോൾ പുറത്തേക്ക് എറിയുകയും ആവശ്യമില്ലാത്തപ്പോൾ അകത്ത് സൂക്ഷിക്കുകയും ചെയ്യുന്നത് എന്ത്?

നിഴലുാക്കാതെ സൂര്യനു മുന്നിലൂടെ ആർക്ക് സഞ്ചരിക്കാം?

ഉത്തരങ്ങൾഃ സമയം എത്രയായി, 1961 എന്ന കൊല്ലം തല തിരിച്ചും വായിക്കാം. ഇനി ഇതുപോലെ 6009ലെ സംഭവിക്കുകയുള്ളു, നങ്കൂരം, കാറ്റ്

ഒരു വക്കീൽ , ഒരു വീട്ടമ്മ, ഒരു അക്കൗന്റ്, ഇത്രയും പേരിരിക്കുന്ന മുറിയിൽ വച്ച് ഒരാൾ ചോദിച്ചു. രും, രും കൂട്ടിയാൽ എത്ര? വീട്ടമ്മയുടെ ഉത്തരം നാല് എന്നായിരുന്നു. എന്നാൽ അക്കൗന്റ് പറഞ്ഞു മൂന്നു അല്ലെങ്കിൽ നാലു എന്റെ കാൽക്കുലേറ്റർ നോക്കി കൃത്യം പറയാം. എന്നാൽ വക്കീലാകട്ടെ എഴുന്നേറ്റ് ജനാലയുടെ കർട്ടൻ ഒക്കെ വലിച്ചിട്ട ശേഷം അടക്കിയ സ്വരത്തിൽ ചോദിച്ചുഃ എത്ര ആക്കണം.

# മൊഴിമുത്തുകൾ

ഒന്നും അറിയാത്തവനു സംശയങ്ങളില്ല.

നിങ്ങളുടെ സ്വപ്നങ്ങൾ യാഥാർഥ്യമാകണമെങ്കിൽ ഉറങ്ങാതിരിക്കുക.

ഞങ്ങളില്ലെങ്കിൽ ലോകം പ്രവൃത്തിക്കുകയില്ലെന്ന് പറഞ്ഞവരെകൊ് ശ്മാശനങ്ങൾ നിറഞ്ഞിരിക്കുന്നു.

രോഗത്തേക്കാൽ വൈദ്യനെ പേടിക്കുക.

ഭാവിയുള്ള പുരുഷനേയും ഭൂതകാലമുള്ള സ്ത്രീയേയും ഞാൻ ഇഷ്ടപ്പെടുന്നു.

ഭാഗ്യം ധീരനെ കടാക്ഷിക്കുകയും ഭീരുവിനെ കൈവിടുകയും ചെയ്യുന്നു.

പ്രേമിക്കുന്ന ഹൃദയങ്ങൾക്ക് എന്നും യൗവ്വനം.

ജീവിതം ഒരു പുഷ്പവും സ്നെഹം അതിലെ മധുവും ആണ്.

ഈ ലോകത്തിനു നിങ്ങൾ അനേകരിൽ ഒരാളായിരിക്കാം, എന്നാൽ ഒരാൾക്ക് നിങ്ങൾ ഈ ലോകമാണ്.

സ്നേഹിക്കുകയും സ്നേഹിക്കപ്പെടുകയും മാത്രമാണു ജീവിതത്തിലെ ഒരേ ഒരു സന്തോഷം.

ദൈവം അസുഖം ഭേദമാക്കുന്നു. വൈദ്യൻ പ്രതിഫലം പറ്റുന്നു.

സൂര്യനു ചൂടുായിരുന്നു, എന്നാൽ തണുത്ത കാറ്റ് വീശിയിരുന്നു. ഏപ്രിൽ മാസങ്ങൾ അങ്ങനെയാണ്.

# ചോദ്യങ്ങൾ/ഉത്തരങ്ങൾ

മദ്ധ്യവയസ്സ്കർ മീശ വടിച്ച് കളയുന്നു. നരക്കുന്നത് കൊാണോ?
ഇനിയങ്ങോട്ട് മീശ വച്ചിട്ടും വലിയ കാര്യമില്ലെന്ന് മനസ്സിലാക്കുന്നത്കൊ്

എന്തിനാണ് ഭർത്താവിനു ഭാര്യയെ പേടി.
ലൈംഗിക ശേഷി അവൾക്ക് കൂടുതലാകുമ്പോൾ?

വേറൊരുത്തന്റെ ഭാര്യയെ മോഹിച്ചാൽ എന്തു സംഭവിക്കും.
അവളും ഇങ്ങോട്ട് മോഹിച്ചാൽ സംഗതി സുഖം, സുഖകരം, അല്ലെങ്കിൽ അല്ലറ ചില്ലറ പരിക്ക് പറ്റും.
ഞാൻ ബൈബിൽ അനുസരിച്ച് ജീവിക്കുന്നു മരിച്ചാൽ സ്വർഗ്ഗം കിട്ടുമൊ?
ബൈബിൽ പ്രകാരം ജീവിക്കുന്നവർ ജീവിച്ചിർക്കുമ്പോൾ തന്നെ സ്വർഗ്ഗത്തിലാണ്.

അമേരിക്കൻ മലയാളികലുടെ ഇടയിൽ വായനക്കാരികളൊ, വായനക്കാരൊ കൂടുതൽ? കാരണം?
വായനക്കാരികൾ. എഴുത്തുക്കാർ പുരുഷന്മാരായത്കൊായിരിക്കും.

## നർമ്മ കഥ

ഒരിക്കൽ ഒരു വൈദികൻ പ്രാർഥനാ യോഗങ്ങളിൽ പങ്കെടുത്ത് തിരിച്ച് തന്റെ താമസസ്ഥലത്തേക്ക് പോകുകയായിരുന്നു. നേരം അൽപ്പം വൈകിയിരുന്നു. അദ്ദേഹത്തിനു കാടിന്റെ നടുവിലൂടെ ഒരു വഴി മുറിച്ച് കടക്കേതുായിരുന്നു. ഈ സംഭവം നടന്നത് കുറെ വർഷങ്ങൾക്ക് മുമ്പായത് കൊ് അന്നു കാട്ടിൽ മരങ്ങളും മൃഗങ്ങളുമൊക്കെയുായിരുന്നു. വൈദികൻ വേദ പുസ്തകം കയ്യിൽ പിടിച്ച് ദൈവത്തെ ധ്യാനിച്ചും ഇടം വലം നോക്കിയും നടന്നു. ഓരോ അടി മുന്നോട്ട് വയ്ക്കുമ്പോഴും അവിടെ വരെ എത്തിച്ച ദൈവത്തിന്റെ കൃപയെ അദ്ദേഹം വാഴ്ത്തികൊിരുന്നു. അങ്ങനെ ഹൃദയമിടിപ്പോടെ വൈദികൻ നടക്കവെ പെട്ടെന്ന് മുന്നിലൊരു സിംഹം പ്രത്യക്ഷപ്പെട്ടു ശുഭ്രവസ്ത്രധാരിയായ മനുഷ്യനെ സിംഹം രാജകീയമായി ഒന്നു നോക്കി. സിംഹം രാജവല്ലേ നാട്ട് നായക്കളെപ്പോലെ ഉടനെയങ്ങ് ചാടിവീണു ഉപദ്രവിക്കയില്ലല്ലോ? അവൻ അതിഗംഭീരമായി വൈദികന്റെ മുന്നിൽ നിന്ന് ഗർജ്ജനം നടത്തി. വൈദികൻ ഉടനെ മുട്ടുകുത്തി നിന്ന് ദൈവത്തോടെ പ്രാർഥിച്ചു. ആപത്തിൽ നിന്ന് രക്ഷിക്കണെ.. വാസ്തവത്തിൽ അദ്ദേഹം നിലവിളിക്കയായിരുന്നു. അപ്പോഴതാ 'എന്തൊരതിശയമേ...' എന്നു പറയുന്നപ്പോലെ സിംഹം മുട്ടുകുത്തുന്നു. വൈദികന്റെ ആഹ്ലാദത്തിനു അതിരില്ലായിരുന്നു. അദ്ദേഹം ചാടി ഏണീറ്റ് ദൈവത്തെ പല കുറി സ്തുതിച്ചു.. പിന്നെ സിംഹത്തിനോട് പറഞ്ഞു. നിങ്ങൾ മൃഗങ്ങൾക്ക് ഇത്ര ഭക്തിയും വിശ്വാസവുമുന്നെ് ഞാനറിഞ്ഞില്ല. നാട്ടിൽ എന്റെ പ്രേഷിത പ്രവർത്തനങ്ങൾക്കിടയിൽ നിന്നെപ്പോലെ ഭക്തിയും വിശ്വാസവുമുള്ള ഒരാളെ എനിക്ക് കാണാൻ കഴിഞ്ഞില്ല. മുട്ടിൽ നിൽക്കുന്നത് ഒരു കുറവായിട്ടാണ് അവർ കരുതുന്നത്. അല്ലയോ സിംഹമേ ഞാൻ വേദപുസ്തകത്തിൽ നിന്നും ഒരു വചനം നിങ്ങളെ കേൾപ്പിക്കാൻ പോകുകയാണു. വൈദികൻ ബൈബിൾ നിവർത്താൻ തുടങ്ങവേ സിംഹം പറഞ്ഞു. (അന്നു മൃഗങ്ങൾ സംസാരിച്ചിരുന്നു) ഞാൻ ഭക്ഷണത്തിനു മുമ്പ് അത് മുന്നിലെത്തിച്ച ദൈവത്തിന്റെ കൃപയ്ക്ക് നന്ദി പറഞ്ഞതാണു. ആമേൻ

തുടരും.............